# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1028 25/01/2018 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ഇ.എസ്.ഐ.പദ്ധതി പ്രകാരമുള്ള ചികിത്സയ്ക്ക് നിയന്ത്രണമുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ട് വർഷകാലയളവിൽ 156 ദിവസം ഹാജർ തികയാത്തതിനാൽ സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ നിഷേധിക്കുകയോ, ബിൽതുക ഐ.പി.കൾ നേരിട്ട് ആശുപത്രിയിൽ നൽകുകയോ ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇ.എസ്.ഐ കോർപ്പറേഷന്റെ പുതുക്കിയ മാനദണ്ഡപ്രകാരം രജിസ്ട്രേഷന് മുൻപുള്ള രോഗങ്ങൾക്ക് ഇത്തരത്തിലുള്ള ചികിത്സ നിഷേധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് ഒഴിവാക്കുന്നതിനും പദ്ധതി പ്രകാരമുള്ള ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ഇ.എസ്.ഐ കോർപ്പറേഷൻ സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിനുള്ള നിബന്ധനയിൽ വരുത്തിയ ഭേദഗതികൾ റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ച് ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി കത്തയയ്ക്കുകയും നേരിട്ട് സന്ദർശിച്ച് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ തീരുമാനം പുനഃപരിശോധിക്കുന്ന വിഷയം ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ